**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6819** **11-07-2024 - ൽ മറുപടിയ്ക്ക്**

**ജില്ലാ രജിസ്ട്രാർമാരുടെ സ്ഥലം മാറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു. എ. ലത്തീഫ് | | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>(രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി) | |
| (എ) | 2024-ലെ ലോകസഭാ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് അസിസ്റ്റന്റ് റിട്ടേണിംഗ് ഓഫീസർമാരായി രജിസ്ട്രേഷൻ വകുപ്പിലെ ഏതൊക്കെ ജില്ലാ രജിസ്ട്രാർമാരെയാണ് സ്ഥലം മാറ്റി നിയമിച്ചിരുന്നത്; വിശദമാക്കാമോ; | (എ) | 2024-ലെ ലോക് സഭാ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് അസിസ്റ്റന്റ് റിട്ടേണിംഗ് ഓഫീസർമാരായി പ്രവർത്തിക്കുന്നതിന് താഴെ പറയുന്ന ഉദ്യോഗസ്ഥരെയാണ് സ്ഥലംമാറ്റി നിയമിച്ചിട്ടുള്ളത്<br><br>ശ്രീ. എം.എൻ. കൃഷ്ണപ്രസാദ്<br><br>ശ്രീ. ബിജു പി.കെ.<br><br>ശ്രീ. ശ്രീനിവാസൻ കെ.<br><br>ശ്രീ.സത്യൻ എ.ബി. |
| (ബി) | 2024-ലെ തിരഞ്ഞെടുപ്പ് ജോലികൾ പൂർത്തിയായ സാഹചര്യത്തിൽ ഇലക്ഷൻ ഡ്യൂട്ടിക്കായി ട്രാൻസ്ഫർ ചെയ്ത ജില്ലാ രജിസ്ട്രാർമാരെ അവർ മുൻപ് ജോലി ചെയ്ത സ്ഥലത്തേക്ക് തിരികെ നിയമിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; | (ബി) | **ഇല്ല. ടി ജില്ലാ രജിസ്ട്രാർമാരെ പൂർവ്വ സ്ഥലത്തേയ്ക്ക് സ്ഥലംമാറ്റുന്ന വിഷയം സർക്കാർ പരിശോധിച്ച് വരുന്നു.** |
| (സി) | സീനിയോറിറ്റിയുള്ളവർ,എസ്.സി./എസ്.റ്റി. വിഭാഗക്കാർ തുടങ്ങിയവരുടെ സ്ഥലം മാറ്റ മാനദണ്ഡങ്ങൾ പരിഗണിച്ചാണോ രജിസ്ട്രേഷൻ വകുപ്പിൽ ജില്ലാ രജിസ്ട്രാർമാരെ മാറ്റി നിയമിക്കുന്നത്; വിശദമാക്കാമോ; | (സി) | ഭരണപരമായ സൗകര്യാർത്ഥവും സർക്കാർ ജീവനക്കാരുടെ പൊതുസ്ഥലം മാറ്റവുമായി ബന്ധപ്പെട്ട 25/02/2017 ലെ G.O.(P)3/2017/P&ARD നമ്പർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ചുമാണ് ജില്ലാ രജിസ്ട്രാർ തസ്തികയിൽ സ്ഥലംമാറ്റം നടത്തിവരുന്നത്. |
| (ഡി) | രജിസ്ട്രേഷൻ വകുപ്പിൽ ജില്ലാ രജിസ്ട്രാർ തസ്തികയിൽ നടത്തിയിട്ടുള്ള പ്രത്യേക സ്ഥലം മാറ്റങ്ങൾക്കായി 2023-ന് ശേഷം എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; പ്രസ്തുത സ്ഥലംമാറ്റങ്ങൾ സംബന്ധിച്ച പരാതികളിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ? | (ഡി) | ഒൻപത് അപേക്ഷകൾ ലഭ്യമായിട്ടുണ്ട്. ശ്രീമതി. ഗീത എസ്., ശ്രീമതി.ബിന്ദു കെ., എന്നിവരെ 25-01-2024 ലെ G.O.(Rt) 71/2024/TAXES ഉത്തരവ് പ്രകാരം സ്ഥലം മാറ്റിയിട്ടുണ്ട്. ശ്രീമതി. മരിയ ജൂഡി എ.റ്റി., ശ്രീ. സോണി ജോസഫ്, ശ്രീമതി. ഇന്ദുലേഖ, ശ്രീമതി. സരോജിനി സി., ശ്രീ.കൃഷ്ണപ്രസാദ് എന്നിവർ സമർപ്പിച്ചിരുന്ന അപേക്ഷകൾ 14-06-2024 ലെ G.O.(Rt) 531/2024/TAXES ഉത്തരവ് പുറപ്പെടുവിക്കുന്ന വേളയിൽ പരിശോധിച്ചിട്ടുള്ളതാണ്. |

| | | | |
|---|---|---|---|
| | | | ശ്രീമതി. ശോഭ റ്റി.എസ്, ശ്രീമതി. മരിയ ജൂഡി എന്നിവർക്ക് 14-06-2024-ലെ G.O.(Rt) 531/2024/TAXES ഉത്തരവ് പ്രകാരം സ്ഥലംമാറ്റം നൽകിയിട്ടുള്ളതാണ്. ശ്രീ.സത്യൻ എ.ബി., ശ്രീ.അജിത് സാം ജോസഫ് എന്നിവർ സമർപ്പിച്ച അപേക്ഷകളും ശ്രീ.കൃഷ്ണപ്രസാദ്, ശ്രീമതി.ഇന്ദുലേഖ, എന്നിവർ സമർപ്പിച്ച പുതിയ അപേക്ഷകളും സർക്കാർ പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ